**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5776** **25-03-2025 - ൽ മറുപടിയ്ക്ക്**

**ചേലാട് സ്റ്റേഡിയം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയത്തിന് 11.02.2020 ൽ കിഫ്ബി 15.83 കോടി രൂപയുടെ ധനാനുമതിയും 20.03.2022 ൽ 17.14 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. ചേലാട് പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന വസ്തു ലാന്റ് കൺവെർഷൻ ചെയ്യുന്നതിന് വേണ്ടി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അപേക്ഷയും അനുബന്ധ രേഖകളും ചേലാട് പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ട റിപ്പോർട്ട് 21.10.2024 ന് പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുണ്ട്. ലാന്റ് കൺവെർഷൻ നടപടികൾ പൂർത്തികരിക്കാത്തതിനാലാണ് ടി പദ്ധതി ആരംഭിക്കാൻ സാധിക്കാത്തത്. നിലവിൽ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണം സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കാൻ തിരുമാനിച്ചിട്ടുണ്ട്. ടി സ്റ്റേഡിയവുമായി ബന്ധപ്പെട്ട രേഖകൾ കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷനു കൈമാറിയിട്ടുണ്ട്. ലാന്റ് കൺവെർഷൻ നടപടികൾ പൂർത്തികരിച്ച ശേഷം സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികളും നിർമ്മാണ പ്രവൃത്തികളും സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്നതാണ്. |
| (ബി) | സാങ്കേതിക തടസങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയത്തിന് 11.02.2020 ൽ കിഫ്ബി 15.83 കോടി രൂപയുടെ ധനാനുമതിയും 20.03.2022 ൽ 17.14 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. ചേലാട് പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന വസ്തു ലാന്റ് കൺവെർഷൻ ചെയ്യുന്നതിന് വേണ്ടി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അപേക്ഷയും അനുബന്ധ രേഖകളും ചേലാട് പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ട റിപ്പോർട്ട് 21.10.2024 ന് പദ്ധതി നിർവ്വഹണ |

| | | | |
|---|---|---|---|
| | | | ഏജൻസി സമർപ്പിച്ചിട്ടുണ്ട്. ലാന്റ് കൺവെർഷൻ നടപടികൾ പൂർത്തികരിക്കാത്തതിനാലാണ് ടി പദ്ധതി ആരംഭിക്കാൻ സാധിക്കാത്തത്. നിലവിൽ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണം സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കാൻ തിരുമാനിച്ചിട്ടുണ്ട്. ടി സ്റ്റേഡിയവുമായി ബന്ധപ്പെട്ട രേഖകൾ കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷനു കൈമാറിയിട്ടുണ്ട്. ലാന്റ് കൺവെർഷൻ നടപടികൾ പൂർത്തികരിച്ച ശേഷം സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികളും നിർമ്മാണ പ്രവൃത്തികളും സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ